കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്


ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ജൂലൈ 21

കാസർകോട് ശനി

www.prd.kerala.gov.in 04994 255145 dioksgd@gmail.com


## ഫാം അസിസ്റ്റന്റ് ഒഴിവ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഫാം അസിസ്റ്റന്റ് (വെറ്റിനറി)തസ്തികയിലെ ര് ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ഈ മാസം 28-ന് രാവിലെ പത്തിന് തത്സമയ അഭിമുഖം നടത്തുന്നു. വൊക്കേഷണൽ ഹയർ സെക്കൻഡറി (ആനിമൽ ഹസ്ബന്ററി)/തത്തുല്യ യോഗ്യത, അംഗീകൃത സ്ഥാപനത്തിൽ നിന്ന് ആനിമൽ ഹസ്ബന്ററിയിൽ കുറഞ്ഞത് ആറ് മാസത്തെ ട്രെയിനിംഗ്/ഡിപ്ലോമ, മൃഗസംരക്ഷണം, കൃത്രിമ ബീജസങ്കലനം എന്നിവയിൽ അറിവ്, എന്നിങ്ങനെ യോഗ്യതയുള്ളവർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ അസൽ സഹിതം പിലിക്കോട് ഉത്തരമേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഹാജരാകേതാണ്. വിശദ വിവരങ്ങൾക്കായി 0467 2260632 എന്ന നമ്പറിൽ ബന്ധപ്പെടുക.

## കുടുംബശ്രീ ഔഷധക്കഞ്ഞി മേള 23-മുതൽ

കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ കാസർകോട് കളക്ട്രേറ്റ് വളപ്പിൽ കർക്കിടക ഔഷധക്കഞ്ഞി മേള നടത്തുന്നു. ഔഷധക്കൂട്ടുകളടങ്ങിയ എട്ട് തരം വ്യത്യസ്ത കഞ്ഞികളാണ് ഈ മാസം 23 മുതൽ 30 വരെ അമൃതം ഔഷധക്കഞ്ഞിമേളയിൽ വിതരണം ചെയ്യുന്നത്. മേളയുടെ ഉദ്ഘാടനം ഈ മാസം 23-ന് ഉച്ചയ്ക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി ബഷീർ നിർവ്വഹിക്കും.

ഒട്ടേറെ ഔഷധ മൂല്യമുള്ള കർക്കിടകക്കഞ്ഞി രോഗനിവാരണ ശേഷിയും പ്രതിരോധ ശേഷിയുമുള്ളതാണെന്ന് ആയുർവേദം സാക്ഷ്യപ്പെടുത്തുന്നു. ഒരാൾ തുടർച്ചയായി ഏഴ് ദിവസം കഴിക്കേ ഏഴ് തരം കഞ്ഞികളാണ് മേളയിൽ നൽകുന്നത്. ഒരാഴ്ചത്തേക്കുള്ള 250 രൂപ വരുന്ന പ്രത്യേക കൂപ്പണിന്റെ ആദ്യ വിൽപ്പന എഡിഎം എൻ. ദേവീദാസ് നിർവ്വഹിച്ചു. പ്രത്യേക കൂപ്പൺ ഉപഭോക്താക്കളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന നാല് പേർക്ക് ക്യാഷ് ബാക്ക് ഓഫർ ലഭിക്കും. പൊടിയരിക്കഞ്ഞി, ഔഷധക്കഞ്ഞി, ജീരകക്കഞ്ഞി, പാൽക്കഞ്ഞി, ഞവരക്കഞ്ഞി, ഉലുവക്കഞ്ഞി, നെയ്ക്കഞ്ഞി, ഗോതമ്പ് കഞ്ഞി, നെല്ലിക്കാച്ചമ്മന്തി, കർക്കിടക മരുന്ന്, വിവിധതരം സൂപ്പുകൾ, പത്തുതരം ഇലകൾ ചേർന്ന കറികൾ, തോരൻ, സ്റ്റ്യൂ, വിവിധതരം അടകൾ, പുട്ടുകൾ എന്നിവയോടൊപ്പം കുടുംബശ്രീയുടെ വിവിധ ഉൽപന്നങ്ങളുടെ പ്രദർശനവും വിൽപനയും ഉായിരിക്കുന്നതാണെന്ന് ജില്ലാ മിഷൻ കോഡിനേറ്റർ ടി.ടി. സുരേന്ദ്രൻ അറിയിച്ചു.

## തൊഴിൽ രഹിത വേതനം 24 മുതൽ ലഭിക്കും

2017 ഓഗസ്റ്റ് മുതൽ 2018 മാർച്ച് വരെയുള്ള എട്ട് മാസങ്ങളിലെ തൊഴിലില്ലായ്മ വേതനം ഈ മാസം 24, 25, 26 തീയ്യതികളിൽ കാസർകോട് നഗരസഭാ ഓഫീസിൽ നിന്ന് വിതരണം ചെയ്യുന്നു. അർഹരായ ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്, എസ്എസ്എൽസി ബുക്ക് എന്നിവ സഹിതം ഹാജരായി തുക കൈപ്പറ്റേതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു.

(തുടരും)

# റേഷൻ സംബന്ധമായ പരാതികൾക്ക് ബന്ധപ്പെടാം

കാസർഗോഡ് താലൂക്ക് സപ്ലൈ ഓഫീസിനു കീഴിലുള്ള റേഷൻ കാർഡ് ഉടമകൾക്ക് റേഷൻ വിതരണം, റേഷൻ കാർഡ് എന്നിവ സംബന്ധമായ കാര്യങ്ങൾക്കായി താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. .താലൂക്ക് സപ്ലൈ ഓഫീസർ കാസറഗോഡ് 9188527412. അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ - 9188527516. റേഷനിങ് ഇൻസ്പെക്ടർ ബദിയടുക്ക -9188527894 (ബദിയടുക്ക, ബെള്ളൂർ, കുമ്പഡാജെ, മധുർ, പഞ്ചായത്തുകൾ). റേഷനിങ് ഇൻസ്പെക്ടർ കാസർഗോഡ് - 9188527895 (ചെമ്മനാട്, കാസർഗോഡ് മുൻസിപ്പാലിറ്റി, മൊഗ്രാൽ പുത്തൂർ പഞ്ചായത്തുകൾ). റേഷനിങ് ഇൻസ്പെക്ടർ മുളിയാർ -9188527896 (കുറ്റിക്കോൽ, ബേഡഡുക്ക, ദേലമ്പാടി, മുളിയാർ, കാറഡുക്ക പഞ്ചായത്തുകൾ).

# ഒബ്സർവേഷൻ ഹോമിൽ കൗൺസലർ നിയമനം

കേരള വനിതാ ശിശു വികസന വകുപ്പിന് കീഴിൽ സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ ഭാഗമായ കാസർകോട് പരവനടുക്കത്തുള്ള ഗവ. ഒബ്സർവേഷൻ ഹോം ആൻഡ് സ്പെഷൽ ചിൽഡ്രൻസ് ഹോമിലേക്ക് കൗൺസലറെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. നിയമനം കരാർ അടിസ്ഥാനത്തിൽ പ്രതിമാസം 21,000 രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്കുള്ളതാണ്. സൈക്കോളജിയിലോ സോഷ്യൽ വർക്കിലോ ഉള്ള ബിരുദം അല്ലെങ്കിൽ ബിരുദാനന്ദര ബിരുദമാണ് യോഗ്യത. കൗൺസലിംഗ് രംഗത്ത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയമുായിരിക്കണം. അപേക്ഷകർ 25നും 40നും മധ്യേ വയസ്സ് പ്രായമുള്ളവരായിരിക്കണം. ഉച്ചക്ക് രു മുതൽ രാത്രി എട്ട് വരെയും, സ്കൂൾ അവധി ദിവസങ്ങളിൽ രാവിലെ പത്ത് മുതൽ വൈകുന്നേരം അഞ്ച് വരെയുമാണ് പ്രവൃത്തി സമയം.

ഒബ്ജക്റ്റീവ് മാതൃകയിലുള്ള എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവയിലൂടെ ആയിരിക്കും തെരഞ്ഞെടുപ്പ് നടത്തുക. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റ, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നിർദ്ദിഷ്ട മാതൃകയിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, സിവിൽ സ്റ്റേഷൻ, ഡി ബ്ലോക്ക്, രാംനില, വിദ്യാനഗർ പി.ഒ., കാസർഗോഡ്-671123 എന്ന വിലാസത്തിൽ അടുത്തമാസം ആറിന് വൈകുന്നേരം അഞ്ചിനകം ലഭിക്കണം. നിർദ്ദിഷ്ട മാതൃകയിൽ അല്ലാത്തതും നിശ്ചിത സമയപരിധിക്കു ശേഷം ലഭിക്കുന്നതും, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യാത്തതും അപൂർണ്ണമായതുമായ അപേക്ഷൾ നിരുപാധികം നിരസിക്കുന്നതായിരിക്കും. അപേക്ഷ ഉള്ളടക്കം ചെയ്ത കവറിനു പുറത്ത് കൗൺസലർ തസ്തികയ്ക്കുള്ള അപേക്ഷ എന്നെഴുതിയിരിക്കണം.

# ശുദ്ധമായ പാലുല്പാദന പരിശീലനം

കേരള സർക്കാറിന്റെ കോഴിക്കോട് നടുവട്ടം ക്ഷീര പരിശീലന കേന്ദ്രത്തിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലുള്ള ക്ഷീര കർഷകർക്ക് ശുദ്ധമായ പാൽ ഉല്പാദനത്തിൽ രു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പാലിന്റെ ഗുണനിലവാരം, മെച്ചപ്പെട്ട പാൽവില ലഭ്യമാക്കൽ, ശാസ്ത്രീയ കറവരീതി, അനുബന്ധ നിയമങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഈ മാസം 24, 25 തീയതികളിലാണ് പരിശീലനം. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 24-ന് രാവിലെ പത്തിന് മുമ്പായി, ബാങ്ക് പാസ്സ് ബുക്കും ആയതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പും, 15 രൂപ രജിസ്ട്രേഷൻ ഫീസും സഹിതം കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിൽ എത്തേതാണ്. കൂടുതൽ വിവരങ്ങൾക്ക് 0495 2414579 എന്ന നമ്പറിലോ ബ്ലോക്ക് തലത്തിലുള്ള ക്ഷീര വികസന സർവ്വീസ് യൂണിറ്റുമായോ ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പൽ അറിയിച്ചു.

# അനർഹരായവർ ജൂലൈ 31-നകം റേഷൻ കാർഡ് മാറ്റണം

കാസർകോട് താലൂക്ക് സപ്ലൈ ഓഫീസിന് കീഴിലുള്ള റേഷൻ കാർഡ് ഉടമകളിൽ നിലവിൽ മുൻഗണനാ കാർഡുകൾ (മുൻഗണന, എഎവൈ) കൈവശം വച്ചിരിക്കുന്നവരിൽ അനർഹരായവരെ കത്തെുന്നതിന്റെ ഭാഗമായി മുൻഗണന കാർഡുകൾ കൈവശം വച്ചിരിക്കുന്ന സർക്കാർ, അർധ സർക്കാർ ജീവനക്കാർ, സർവീസ് പെൻഷൻകാർ, ഒരു ഏക്കറിൽ കൂടുതൽ സ്ഥലം ഉള്ളവർ, 1000 സ്ക്വയർ ഫീറ്റിന് മുകളിൽ വലിപ്പമുള്ള വീടുള്ളവർ, നാല് ചക്ര വാഹനം ഉള്ളവർ, 25000 ന് മുകളിൽ മാസവരുമാനം ഉള്ളവർ ഇതിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെട്ടവർ ഈ മാസം 31-നു മുമ്പായി കാസർകോട് താലൂക്ക് സപ്ലൈ ഓഫീസിൽ നേരിട്ട് ഹാജരായി കാർഡ് മാറ്റേതാണ്. നിയമ നടപടികൾ ഒഴിവാക്കാനുള്ള അവസാന അവസരം ആയിരിക്കും ഇതെന്നും ഫീൽഡ് പരിശോധനകളിൽ അനർഹരെ കത്തെിക്കഴിഞ്ഞാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും

(തുടരും)

താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു.

## അടയ്ക്കാകൃഷിയും ആരോഗ്യവും സംബന്ധിച്ച ശില്പശാല 24-ന്

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെയും ഭാരത കാർഷിക ഗവേഷണ കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ അടയ്ക്കാകൃഷിയും മനുഷ്യന്റെ ആരോഗ്യവും എന്ന വിഷയത്തിൽ ദ്വിദിന ശില്പശാല നടത്തുന്നു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ 24-ന് രാവിലെ പത്തിന് ശില്പശാല ആരംഭിക്കും. മുൻ ധനകാര്യ/ആണവോർജ കമ്മീഷൻ സെക്രട്ടറി വി.വി.ഭട്ട്, മംഗളൂരു എൻഐടിടിഇ വൈസ് ചാൻസലർ ഡോ. സതീഷ് കുമാർ ഭണ്ഡാരി, ശിവമോഗ കാർഷിക പൂന്തോട്ടപരിപാലന ശാസ്ത്ര സർവകലാശാല വൈസ് ചാൻസലർ ഡോ.മഞ്ജുനാഥ നായിക്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ.പി.ചൗഡപ്പ, ഡോ.കെ.കെ.ഹെബ്ബർ, ഡോ. എസ്.വി.രമേഷ് എന്നിവർ ഉദ്ഘാടന സെഷനിൽ പങ്കെടുക്കും. ര് ദിവസമായി നടക്കുന്ന ശില്പശാലയിൽ അഞ്ച് ടെക്നിക്കൽ സെഷനുകളിൽ ശാസ്ത്ര, കൃഷി, ആരോഗ്യ രംഗത്തെ വിദഗ്ധർ, കർഷകർ, ഗുണഭോക്താക്കൾ, നയരൂപീകരണകർത്താക്കൾ തുടങ്ങിയവർ പങ്കെടുക്കും.

## ജില്ലയിലെ ക്വാറി ഉല്പന്ന വിലയിൽ ധാരണയായി

ജില്ലയിൽ ക്വാറി ഉല്പന്നങ്ങളുടെ വില സംബന്ധിച്ച് ജില്ലാ കളക്ടർ ഇൻ-ചാർജ് എഡിഎം എൻ.ദേവീദാസിന്റെ അധ്യക്ഷതയിൽ ചേർന്ന ക്വാറി ഉടമകളുടെ യോഗത്തിൽ ധാരണയായി. ഇതുസംബന്ധിച്ച് സർക്കാരിനെ അറിയിച്ചശേഷം തുടർനടപടികൾ സ്വീകരിക്കാനും കളക്ട്രേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. യോഗത്തിൽ ജില്ലാ സീനിയർ ജിയോളജിസ്റ്റ് വി.ദിവാകരൻ, കരിങ്കൽ-ചെങ്കൽ ക്വാറി ഉടമകൾ എന്നിവർ പങ്കെടുത്തു. ക്വാറി ഉത്പന്നങ്ങളുടെയും നിർമാണ സാമഗ്രികളുടെ വില അനിയന്ത്രിതമായി ഉയരുന്ന സാഹചര്യത്തിൽ വിലനിലവാരം ഏകീകരിക്കുന്നതിന് സർക്കാർ നിർദേശപ്രകാരമാണ് യോഗം ചേർന്നത്.

-അവസാനിച്ചു-